©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2021-2023)

## നാലാമത് റിപ്പോർട്ട്

(2022 മാർച്ച് മാസം 17-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**(ഗതാഗത വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ, എസ്.ആർ.ഒ./ വിജ്ഞാപനങ്ങൾ എന്നിവ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്നതിലെ കാലതാമസം സംബന്ധിച്ചത് )**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

പതിനഞ്ചാം കേരള നിയമസഭ

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
# (2021-2023)

## നാലാമത് റിപ്പോർട്ട്

(2022 മാർച്ച് മാസം 17-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**(ഗതാഗത വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ, എസ്.ആർ.ഒ./ വിജ്ഞാപനങ്ങൾ എന്നിവ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്നതിലെ കാലതാമസം സംബന്ധിച്ചത് )**

398/2022.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| ആമുഖം | .. | ix |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I | .. | 16 |
| അനുബന്ധം II | .. | 21 |

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
(2021-2023)

## സമിതിയുടെ ഘടന

അദ്ധ്യക്ഷൻ :

ശ്രീ. പി. സി. വിഷ്ണുനാഥ്

അംഗങ്ങൾ :

ശ്രീ. പി. അബ്ദുൽ ഹമീദ്

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. കെ. യു. ജനീഷ് കുമാർ

ശ്രീ. ഒ. ആർ. കേളു

ശ്രീ. മോൻസ് ജോസഫ്

ശ്രീ. എം. നൗഷാദ്

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

ശ്രീ. എം. വിജിൻ .

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ഗോഡ്ഫ്രി ഡി. ഡി., ജോയിന്റ് സെക്രട്ടറി

ശ്രീമതി റീന വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി രജി. ഡി. ഒ. , അണ്ടർ സെക്രട്ടറി.

# മുഖവുര

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2021-2023)-യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് 2022 മാർച്ച് 15-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിച്ചു.

പി. സി. വിഷ്ണുനാഥ്,
*അദ്ധ്യക്ഷൻ,*
*മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2022 മാർച്ച് 17.

# ആമുഖം

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166 പ്രകാരം സർക്കാർ ധനസഹായം കൈപ്പറ്റുന്ന പൊതുമേഖലാ/ സ്വയംഭരണാധികാരസ്ഥാപനങ്ങളുടെ വാർഷിക/ആഡിറ്റ് റിപ്പോർട്ടുകൾ അതത് വർഷം കഴിഞ്ഞ് അടുത്ത വർഷം ഡിസംബർ 31-നകം സഭയിൽ സമർപ്പിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. സംസ്ഥാനത്തെ വിവിധ പൊതുമേഖലാ/ സ്വയംഭരണാധികാരസ്ഥാപനങ്ങൾ എല്ലാംതന്നെ സംസ്ഥാന സർക്കാരിന്റെ ഗണ്യമായ മൂലധനത്തോടെയോ ധനസഹായത്താലോ പ്രവർത്തിക്കുന്നവയാണ്. സർക്കാരിന്റെ ഈ മുതൽമുടക്കുകൾ എങ്ങനെ വിനിയോഗിക്കുമെന്ന് അറിയാനുള്ള അവകാശം നിയമസഭയ്ക്കുണ്ട്.

സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെ വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും യഥാസമയം സഭയുടെ മുമ്പാകെ വന്നാൽ മാത്രമേ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിലെ പുരോഗതിയും മാന്ദ്യവും ശ്രദ്ധയിൽപ്പെടുകയും അതുവഴി അവയുടെ പ്രവർത്തനം മെച്ചപ്പെടുത്താനും സാധിക്കുകയുള്ളൂ. എന്നാൽ രേഖകൾ യഥാസമയം സഭയിൽ സമർപ്പിക്കുന്നതിൽ വിവിധ വകുപ്പുകൾ നിതാന്ത ജാഗ്രത പുലർത്തുന്നില്ല എന്നത് ആശങ്കാജനകമാണ്. 1995 ഏപ്രിൽ 28-ാം തീയതി രൂപീകരിച്ച മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ നിരന്തരമായ ഇടപെടലിനെ തുടർന്ന് ചട്ടങ്ങളും റിപ്പോർട്ടുകളും യഥാസമയം സഭയിൽ സമർപ്പിക്കുന്നതിൽ പുരോഗതി വന്നിട്ടുണ്ടെങ്കിലും ആയത് പൂർണ്ണത കൈവരിച്ചിട്ടില്ലായെന്നതാണ് വസ്തുത.

റിപ്പോർട്ട് സമർപ്പണത്തിലെ കുടിശ്ശിക തീർപ്പാക്കുന്നതിനും പ്രസ്തുത വിഷയത്തിന്റെ ഗൗരവം ബോധ്യപ്പെടുത്തുന്നതിനും വേണ്ടി ഗതാഗത വകുപ്പിൻ കീഴിലുള്ള സ്ഥാപന മേധാവികളിൽ നിന്നും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിയിൽ നിന്നും 13-1-2022-ന് തെളിവെടുപ്പ് നടത്തുകയുണ്ടായി. പ്രസ്തുത തെളിവെടുപ്പിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും കൈക്കൊണ്ട തീരുമാനങ്ങളും വകുപ്പിന് നൽകിയ നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങിയതാണ് ഈ റിപ്പോർട്ട്.

# റിപ്പോർട്ട്

മാനവ ജീവിത പരിണാമത്തിലും സംസ്ഥാനത്തിന്റെ ഗതിശക്തി വികസിപ്പിക്കുന്നതിലും സുപ്രധാന പങ്കാണ് ഗതാഗതത്തിനുള്ളത്. സംസ്ഥാനത്തെ പൊതുഗതാഗതം സാർവ്വത്രിക മാക്കുന്നതിൽ റെയിൽവേയും കെ.എസ്.ആർ.ടി.സി.യും വഹിക്കുന്ന പങ്ക് വളരെ വലുതാണ്. എന്നാൽ സംസ്ഥാനത്തെ ഗതാഗത വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന ഭൂരിപക്ഷം സ്ഥാപനങ്ങളും അവരുടെ വാർഷിക/ആഡിറ്റ് റിപ്പോർട്ടുകൾ യഥാസമയം സഭയിൽ സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്നതുമൂലം പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതിയുതകുന്ന നിർദ്ദേശങ്ങൾ സാമാജികർക്ക് ഉന്നയിക്കാൻ കഴിയാതെ വരികയും അത് സ്ഥാപനത്തിന്റെ വളർച്ചയെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുവെന്നതാണ് വസ്തുത.

2. ഗതാഗത വകുപ്പിൻ കീഴിൽ സർക്കാർ ധനസഹായം കൈപ്പറ്റുന്ന ഒട്ടുമിക്ക സ്ഥാപനങ്ങളും വാർഷിക/ആഡിറ്റ് റിപ്പോർട്ടുകൾ സമയബന്ധിതമായി സഭയിൽ സമർപ്പിക്കുന്നില്ല. 2007-ൽ ഗതാഗത വകുപ്പിൻ കീഴിൽ രൂപീകൃതമായ റോഡ് സേഫ്റ്റി അതോറിറ്റി നാളിതുവരെ റിപ്പോർട്ടുകളൊന്നും സഭയിൽ സമർപ്പിച്ചിട്ടില്ല. സർക്കാരിന്റെ ധനസഹായം കൈപ്പറ്റുകയും പ്രസ്തുത ധനവിനിയോഗ കണക്കുകൾ സർക്കാരിനെയും നിയമസഭയിൽ സമർപ്പിക്കുന്നതിലൂടെ ജനങ്ങളെയും അറിയിക്കേണ്ടത് ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഉത്തരവാദിത്തമാണ്.

3. വാർഷിക/ആഡിറ്റ് റിപ്പോർട്ടിലൂടെ സ്ഥാപനത്തിന്റെ പ്രവർത്തന രീതി, പുരോഗതി എന്നിവ വിലയിരുത്താൻ കഴിയും. വാർഷിക/ആഡിറ്റ് റിപ്പോർട്ട് സഭയിൽ സമയബന്ധിതമായി സമർപ്പിക്കുന്നതിലൂടെ സ്ഥാപനത്തിന് സർക്കാർ നല്കിയ ധനസഹായവും അത് വേണ്ടവിധത്തിൽ വിനിയോഗിച്ചിട്ടുണ്ടോ എന്നും മനസ്സിലാക്കാൻ കഴിയുകയും കണക്കുകളിൽ പൊരുത്തക്കേടുകൾ ഉണ്ടെങ്കിൽ അത് ചൂണ്ടിക്കാണിക്കാനും സ്ഥാപനത്തിന്റെ പ്രവർത്തന പുരോഗതിയുതകുന്ന നിർദ്ദേശങ്ങൾ ഉന്നയിക്കാനും നിയമസഭാ സാമാജികർക്ക് അവസരം ഉണ്ടാകുകയും ചെയ്യും. എന്നാൽ നാലും അഞ്ചും വർഷങ്ങൾ കഴിഞ്ഞ് റിപ്പോർട്ട് സമർപ്പിക്കുമ്പോൾ അതിലെ വസ്തുതകൾ അപ്രസക്തമാകുകയും സ്ഥാപനത്തിന്റെ പുരോഗതിയുതകുന്ന നിർദ്ദേശങ്ങൾ സാമാജികർക്ക് യഥാസമയം ഉന്നയിക്കാൻ കഴിയാതെയും വരുന്നു.

**13-1-2022 വരെ കുടിശ്ശികയായിട്ടുള്ള രേഖകളുടെ പട്ടിക ചുവടെ ചേർക്കുന്നു**

| സ്ഥാപനം | അവസാനം സഭയിൽ സമർപ്പിച്ചത്/ സമർപ്പിച്ച തീയതി | കുടിശ്ശിക റിപ്പോർട്ടുകൾ (വാർഷിക/ആഡിറ്റ്) |
|---|---|---|
| (1) | (2) | (3) |
| കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (KSRTC) | 2014-15 -ലെ വാർഷിക കണക്കുകളും ആഡിറ്റ് റിപ്പോർട്ടും 12-12-2018-ൽ സഭയിൽ സമർപ്പിച്ചു. | 2015-16 മുതലുള്ള 6 വർഷങ്ങളിലെ റിപ്പോർട്ടുകൾ കുടിശ്ശികയാണ്. |
| കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻഷ്യൽ കോർപ്പറേഷൻ (KTDFC) | 2017-18 -ലെ വാർഷിക റിപ്പോർട്ട് 3-3-2020-ന് സഭയിൽ സമർപ്പിച്ചു. | 2018-19 മുതലുള്ള 3 വർഷങ്ങളിലെ റിപ്പോർട്ടുകൾ കുടിശ്ശികയാണ്. |
| കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (KIAL) | 2014-15-ലെ വാർഷിക റിപ്പോർട്ട് 27-9-2016-ന് സഭയിൽ സമർപ്പിച്ചു. | 2015-16 മുതലുള്ള 6 വർഷങ്ങളിലെ റിപ്പോർട്ടുകൾ കുടിശ്ശികയാണ്. |
| കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡ് | 2019-20-ലെ വാർഷിക റിപ്പോർട്ട് 1-6-2021-ന് സഭയിൽ സമർപ്പിച്ചു. | 2020-21-ലെ റിപ്പോർട്ട് കുടിശ്ശികയാണ്. |
| കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് | 2018-19-ലെ വാർഷിക റിപ്പോർട്ട് 24-8-2020-ന് സഭയിൽ സമർപ്പിച്ചു. | 2019-20 മുതലുള്ള 2 വർഷങ്ങളിലെ റിപ്പോർട്ടുകൾ കുടിശ്ശികയാണ്. |

| (1) | (2) | (3) |
|---|---|---|
| കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (K-Rail) | നാളിതുവരെ റിപ്പോർട്ടുകളൊന്നും സഭയിൽ സമർപ്പിച്ചിട്ടില്ല. | 2017-18 മുതലുള്ള 4 വർഷങ്ങളിലെ റിപ്പോർട്ടുകൾ കുടിശ്ശികയാണ്. |
| കേരള സ്റ്റേറ്റ് റോഡ് സേഫ്റ്റി അതോറിറ്റി | നാളിതുവരെ റിപ്പോർട്ടുകളൊന്നും സഭയിൽ സമർപ്പിച്ചിട്ടില്ല. | 2007 മുതലുള്ള റിപ്പോർട്ടുകൾ കുടിശ്ശികയാണ്. |

4. റിപ്പോർട്ട് സമർപ്പണത്തിൽ ഏറെ കുടിശ്ശിക വരുത്തിയ വകുപ്പുകളിൽ ഒന്നാണ് ഗതാഗത വകുപ്പ് എന്നത് ശ്രദ്ധയിൽപ്പെട്ട സമിതി, റിപ്പോർട്ട് സമർപ്പണത്തിലെ കുടിശ്ശിക തീർപ്പാക്കുന്നതിനും പ്രസ്തുത വിഷയത്തിന്റെ ഗൗരവം ബോധ്യപ്പെടുത്തുന്നതിനുവേണ്ടിയും ഗതാഗത വകുപ്പിൻ കീഴിലുള്ള സ്ഥാപന മേധാവി, ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറി എന്നിവരിൽ നിന്നും 13-1-2022-ന് തെളിവെടുപ്പ് നടത്തുകയുണ്ടായി. തെളിവെടുപ്പ് യോഗത്തിൽ സ്ഥാപനങ്ങളുടെ റിപ്പോർട്ട് കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആരായുകയും വാർഷിക/ആഡിറ്റ് റിപ്പോർട്ടുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് കർശന നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. തെളിവെടുപ്പ് വേളയിൽ സമിതിക്ക് തന്ന ഉറപ്പ് പാലിക്കാൻ ചില സ്ഥാപനങ്ങൾക്ക് ഇതിനോടകം കഴിഞ്ഞിട്ടുണ്ടെങ്കിലും പൂർണ്ണതയിലെത്തിയിട്ടില്ല.

**13-1-2022-ലെ തെളിവെടുപ്പിന് ശേഷം ലഭ്യമാക്കിയ കടലാസുകളുടെ പട്ടിക താഴെ ചേർക്കുന്നു**

| സ്ഥാപനം | റിപ്പോർട്ടിന്റെ പേര് |
|---|---|
| (1) | (2) |
| കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (KSRTC) | ———— |
| കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻഷ്യൽ കോർപ്പറേഷൻ (KTDFC) | 2018-19 -ലെ വാർഷിക റിപ്പോർട്ട് |

| (1) | (2) |
|---|---|
| കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (KIAL) | ____________ |
| കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡ് | ____________ |
| കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് | 2019-20-ലെ വാർഷിക റിപ്പോർട്ട് |
| കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (K-Rail) | 2017-18 മുതൽ 2019-20 വരെയുള്ള വാർഷിക റിപ്പോർട്ടുകൾ |
| കേരള സ്റ്റേറ്റ് റോഡ് സേഫ്റ്റി അതോറിറ്റി | 2017-18 മുതൽ 2019-20 വരെയുള്ള വാർഷിക റിപ്പോർട്ടുകൾ |

5. ഗതാഗത വകുപ്പിന്റെ കീഴിൽ സർക്കാർ ധനസഹായം നൽകുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു:

1. കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (KSRTC)
2. കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻഷ്യൽ കോർപ്പറേഷൻ (KTDFC)
3. കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (KIAL)
4. കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡ്
5. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്
6. കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (K-Rail)
7. കേരള സ്റ്റേറ്റ് റോഡ് സേഫ്റ്റി അതോറിറ്റി.

1. കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (KSRTC)

6. 1950-ലെ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ആക്ടിനും 1965 -ലെ കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ചട്ടങ്ങൾക്കും വിധേയമായി 1965 ഏപ്രിൽ 1-ന്

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (KSRTC) രൂപീകൃതമായി. "സുഖയാത്ര സുരക്ഷിത യാത്ര" എന്ന മുദ്രാവാക്യം പ്രാവർത്തികമാക്കുന്നതിൽ വിപ്ലവകരമായ മുന്നേറ്റം നടത്തിയ പ്രസ്തുത സ്ഥാപനം സുസംഘടിതവും കാര്യക്ഷമവുമായ പൊതുഗതാഗതം സാധാരണക്കാരന് ലഭ്യമാക്കുന്നു. പ്രസ്തുത സ്ഥാപനത്തിന്റെ 2014-15 ലെ വാർഷിക കണക്കുകളും ആഡിറ്റ് റിപ്പോർട്ടും 12-12-2018-ൽ സഭയിൽ സമർപ്പിച്ചു. 2015-16 മുതലുള്ള 6 വർഷങ്ങളിലെ റിപ്പോർട്ടുകൾ കുടിശ്ശികയാണ്.

7. 1950-ലെ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ആക്ടിലെ സെക്ഷൻ 35-ൽ സ്ഥാപനത്തിന്റെ ഓരോ വർഷത്തെ വാർഷിക റിപ്പോർട്ട് സഭയിൽ സമർപ്പിക്കണമെന്ന് താഴെപ്പറയും പ്രകാരം വ്യവസ്ഥചെയ്തിട്ടുണ്ട്:

35. "(1) Every Corporation shall furnish to the State Government such returns, statistics, accounts and other information with respect to its property or activities or in regard to any proposed scheme as the State Government may from time to time require.

(2) Without prejudice to the provisions of sub-section (1), a Corporation shall, as soon as possible after the end of each financial year, submit to the 1 [State Government] a report on the exercise and performance by it of its powers and duties under this Act during that year and on its policy and programme. The State Government shall cause the annual report referred to in sub-section (2) to be laid before each House of Parliament"

1950-ലെ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ആക്ടിലെ സെക്ഷൻ 33-ൽ സ്ഥാപനത്തിന്റെ ഓരോ വർഷത്തെ ആഡിറ്റ് റിപ്പോർട്ട് സഭയിൽ സമർപ്പിക്കണമെന്ന് താഴെപ്പറയും പ്രകാരം വ്യവസ്ഥചെയ്തിട്ടുണ്ട്:

33. "(1) The Corporation shall maintain proper accounts and other records and prepare an annual statement of accounts including the profit and loss account and the balance sheet in such form as may be prescribed by the State Government in consultation with the Comptroller and Auditor-General of India.

(2) The accounts of a Corporation shall be audited annually by the Comptroller and Auditor-General of India or his nominee and any expenditure incurred by him in connection with such audit shall be payable by the Corporation to the Comptroller and Auditor-General of India.

(3) The Comptroller and Auditor-General of India and any person appointed by him in connection with the audit of the accounts of a Corporation shall have the same rights, privileges and authority in connection with such audit as the Comptroller and Auditor-General of India has in connection with such audit of the Government accounts, and, in particular, shall have the right to demand the production of books, accounts, connected vouchers and other documents and papers and to inspect any of the offices of the Corporation.

(4) The accounts of the Corporation as certified by the Comptroller and Auditor-General of India or any person appointed by him in this behalf together with the audit report thereon shall be forwarded annually to the State Government; and that Government shall cause the same to be laid before 3 [each House of Parliament.]"

8. 2015-16, 2016-17 എന്നീ കാലയളവിലുള്ള രണ്ടുവർഷത്തെ ആഡിറ്റ് റിപ്പോർട്ടുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും നാലുവർഷത്തെ ആഡിറ്റ് റിപ്പോർട്ടുകൾ പൂർത്തീകരിക്കാനുണ്ടെന്നും ഒരു ചാർട്ടേഡ് അക്കൗണ്ടന്റിനെ നിയമിക്കാനുള്ള നടപടി നടന്നുകൊണ്ടിരിക്കുന്നുവെന്നും 100 കോടി രൂപയുടെ സസ്പെൻഡ് അക്കൗണ്ട് സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടന്നുകൊണ്ടിരിക്കുന്നതാണ് ആഡിറ്റ് വൈകുന്നതിനുള്ള പ്രധാന കാരണമെന്നും ഒരു ദിവസം അഞ്ചര കോടിയോളം രൂപ സമാഹരിക്കുന്ന പ്രസ്തുത സ്ഥാപനത്തിന് നിലവിൽ അക്കൗണ്ടിംഗ് വിംഗ് ഇല്ലെന്നും അക്കൗണ്ടിംഗ് വിംഗ് ഉൾപ്പെടെയുള്ളവ സജ്ജമാക്കാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുന്നുവെന്നും പൂർണ്ണമായും ജി.ആർ.ബി. (Gender Responsive Budgeting) സിസ്റ്റത്തിലേക്ക് മാറിക്കൊണ്ടിരിക്കുകയാണെന്നും കെ.എസ്.ആർ.ടി.സി. മാനേജിംഗ് ഡയറക്ടർ തെളിവെടുപ്പ് വേളയിൽ സമിതിയെ അറിയിച്ചു.

9. കെ.എസ്.ആർ.ടി.സി. ആക്ട് പ്രകാരമുള്ള എം.ഡി., എഫ്.എ. & സി.ഒ. എന്നീ രണ്ട് സ്റ്റാറ്റ്യൂട്ടറി പോസ്റ്റുകൾ ദീർഘകാലമായി ഒഴിഞ്ഞുകിടക്കുകയായിരുന്നെന്നും മൂന്ന് മാസം മുമ്പ് എഫ്.എ. & സി.ഒ. - യെ നിയമിച്ചെന്നും ആഡിറ്റ് റിപ്പോർട്ടുകൾ പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണെന്നും അക്കൗണ്ടിംഗ് കൈകാര്യം ചെയ്യുന്നതിന് സ്ഥിരമായി ഒരു ചാർട്ടേഡ് അക്കൗണ്ടന്റിനെ നിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുവെന്നും കുടിശ്ശികയുള്ള ആഡിറ്റ് റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിന് ആറുമാസത്തെ സാവകാശം നൽകണമെന്നും കെ.എസ്.ആർ.ടി.സി. മാനേജിംഗ് ഡയറക്ടർ സമിതിയോട് തെളിവെടുപ്പ് വേളയിൽ

അഭ്യർത്ഥിച്ചിരുന്നു. ആയതിനാൽ സ്ഥാപനത്തിന്റെ 2015-16 മുതലുള്ള 6 വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടുകൾ 6 മാസത്തിനകം സഭയിൽ സമർപ്പിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.

10. 1950-ലെ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ആക്ടിലെ സെക്ഷൻ 35-ൽ സ്ഥാപനത്തിന്റെ ഓരോ വർഷത്തെ വാർഷിക റിപ്പോർട്ട് സഭയിൽ സമർപ്പിക്കണമെന്ന് വ്യവസ്ഥചെയ്തിട്ടുള്ളതിനാൽ സ്ഥാപനത്തിന്റെ ഓരോ വർഷത്തെ വാർഷിക റിപ്പോർട്ട് സഭയിൽ സമർപ്പിക്കണമെന്ന് സമിതി വകുപ്പിനോട് നിർദ്ദേശിക്കുന്നു.

11. കാലതാമസം വരുത്തി സഭയിൽ സമർപ്പിക്കുന്ന റിപ്പോർട്ടിനോടൊപ്പം ലഭ്യമാക്കുന്ന കാലതാമസപത്രിക നിശ്ചിതമാതൃകയിലല്ലെന്ന് സമിതി നിരീക്ഷിക്കുകയും ഇനി മുതൽ ലഭ്യമാക്കുന്ന കാലതാമസപത്രികകൾ നിശ്ചിതമാതൃകയിലായിരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

12. മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി(2019-2021), 30-7-2019-ൽ 2014-15-ലെ വാർഷിക റിപ്പോർട്ടിന്റെ കാലതാമസപത്രിക പരിഗണിച്ച വേളയിൽ, ഓഡിറ്റിംഗ് വിഭാഗം കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ അഭാവം പരിഹരിക്കാൻ നടപടി സ്വീകരിക്കണമെന്ന നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികളെ സംബന്ധിച്ച റിപ്പോർട്ട് സമിതിയുടെ പരിഗണനയ്ക്ക് ലഭ്യമാക്കാത്തത് സമിതി ഗൗരവപൂർവ്വം കാണുന്നു. പ്രസ്തുത നിർദ്ദേശത്തിന്മേലുള്ള മറുപടി ലഭ്യമാക്കാത്തത് വകുപ്പിന്റെ ഭാഗത്തുനിന്നുമുള്ള ഗുരുതരമായ വീഴ്ചയായി കണ്ടെത്തിയ സമിതി, ഓഡിറ്റിംഗ് വിഭാഗം കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ അഭാവം പരിഹരിക്കാൻ സ്വീകരിച്ച നടപടികളെ സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കാനും നിർദ്ദേശിക്കുന്നു.

## 2. കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻഷ്യൽ കോർപ്പറേഷൻ (KTDFC)

13. കമ്പനീസ് ആക്ട് പ്രകാരം 16-3-1992-ൽ പ്രവർത്തനം ആരംഭിച്ച സർക്കാർ കമ്പനിയാണ് കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻഷ്യൽ കോർപ്പറേഷൻ (KTDFC). സംസ്ഥാനത്തെ പൊതുഗതാഗത വികസനത്തിനുതകുന്ന ധനസഹായം നൽകുക എന്നതാണ് പ്രസ്തുത സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യം. സ്ഥാപനത്തിന്റെ 2017-18 - ലെ വാർഷിക റിപ്പോർട്ട് 3-3-2020-ന് സഭയിൽ സമർപ്പിച്ചു. 2018-19 മുതലുള്ള 3 വർഷങ്ങളിലെ റിപ്പോർട്ടുകൾ കുടിശ്ശികയാണ്. ആഡിറ്റ് റിപ്പോർട്ട് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

14. കെ.റ്റി.ഡി.എഫ്.സി.യുടെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ട് സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കിയിട്ടുണ്ടെന്നും 2019-20 മുതലുള്ള രണ്ട് വർഷത്തെ വാർഷിക റിപ്പോർട്ടുകളാണ് കുടിശ്ശികയുള്ളതെന്നും പ്രസ്തുത കാലയളവിലേക്ക് ആഡിറ്റ് നടത്തുവാൻ ആഡിറ്റർമാരെ നിയമിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്നും 2019-20 സാമ്പത്തിക വർഷത്തെ ഇന്റേണൽ ആഡിറ്റ് റിപ്പോർട്ട് പൂർത്തീകരിച്ചിട്ടുണ്ടെന്നും 2020-21 സാമ്പത്തിക വർഷത്തെ ഇന്റേണൽ ആഡിറ്റ് നടന്നുകൊണ്ടിരിക്കുകയാണെന്നും 2022 ഏപ്രിൽ - മേയ് മാസത്തിനകം റിപ്പോർട്ടുകൾ സമർപ്പിക്കാൻ കഴിയുമെന്നും ട്രാൻസ്പോർട്ട് കമ്മീഷണർ തെളിവെടുപ്പ് വേളയിൽ സമിതിയെ അറിയിച്ചിരുന്നു.

15. <u>കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻഷ്യൽ കോർപ്പറേഷന്റെ 2019-2020, 2020-2021 എന്നീ വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകൾ 3 മാസത്തിനകം സഭയിൽ സമർപ്പിക്കാനുള്ള നടപടി സ്വീകരിക്കണമെന്നും വാർഷിക റിപ്പോർട്ടിൽ ആഡിറ്റ് റിപ്പോർട്ട് ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ റിപ്പോർട്ടിന്റെ പുറംചട്ടയിൽ വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും എന്ന് രേഖപ്പെടുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.</u>

3. <u>കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് (KIAL)</u>

16. കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ടിന്റെ നിർമ്മാണത്തിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി 2009-ൽ കമ്പനീസ് ആക്ട് പ്രകാരം രൂപീകരിച്ച സ്ഥാപനമാണ് കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (KIAL). പ്രസ്തുത സ്ഥാപനത്തിന്റെ 2014-2015-ലെ വാർഷിക റിപ്പോർട്ട് 27-9-2016-ന് സഭയിൽ സമർപ്പിച്ചു. 6 വർഷങ്ങളിലെ റിപ്പോർട്ടുകൾ കുടിശ്ശികയാണ്. ആഡിറ്റ് റിപ്പോർട്ടുകൾ നാളിതുവരെ സഭയിൽ സമർപ്പിച്ചിട്ടില്ല.

17. കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ഗവൺമെന്റ് കമ്പനിയല്ലെന്നും 2013-ൽ പുതുക്കിയ കമ്പനീസ് ആക്ട് അനുസരിച്ച് ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ എണ്ണം കൂടുതലാണെങ്കിലും സർക്കാർ ഓഹരി 51 ശതമാനത്തിന് മുകളിലാണെങ്കിലും മാത്രമാണ് സർക്കാരിന് ഓഡിറ്റ് നടത്താൻ കഴിയുകയുള്ളൂവെന്നും എന്നാൽ പ്രസ്തുത സ്ഥാപനത്തിന്റെ സർക്കാർ ഓഹരി 35 ശതമാനവും ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ എണ്ണം 7-ൽ നിന്നും 5 ആയി കുറച്ചതിനാലും സി. & എ.ജി.യുടെ ആഡിറ്റിന് എതിരെ കിയാൽ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണെന്നും അതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് നടപടി സ്റ്റേ ചെയ്തിരിക്കുകയാണെന്നും ഗവൺമെന്റ് ഓഡിറ്റ് ചെയ്യുന്ന കമ്പനിയാണെങ്കിൽ നിക്ഷേപകരെ ലഭിക്കാൻ ബുദ്ധിമുട്ടായിരിക്കുമെന്നതിന്റെ വെളിച്ചത്തിലാണ് പ്രസ്തുത സ്ഥാപനം ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ എണ്ണം കുറച്ചതെന്നും ഹൈക്കോടതി ഉത്തരവനുസരിച്ച് മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂവെന്നും ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി തെളിവെടുപ്പ് വേളയിൽ സമിതിയെ അറിയിച്ചിരുന്നു.

18. 2013-ലെ കമ്പനീസ് ആക്ടിലെ വകുപ്പ് 2 (45) താഴെപ്പറയുംപ്രകാരമാണ്:

2 (45) - "Government company means any company in which not less than fifty-one per cent of the paid-up share capital is held by the Central Government, or by any State Government or Governments, or partly by the Central Government and partly by one or more State Governments, and includes a company which is a subsidiary company of such a Government company".

19. സി. ആന്റ് എ.ജി.-യുടെ ഓഡിറ്റ് വിഷയം ഹൈക്കോടതിയുടെ പരിഗണനയിലായതിനാൽ കോടതി വിധിക്കനുസരിച്ച് തീരുമാനം കൈക്കൊള്ളാമെന്നും എന്നാൽ പ്രസ്തുത സ്ഥാപനം വാർഷിക റിപ്പോർട്ട് നിയമസഭയിൽ സമർപ്പിക്കുന്നില്ലെന്ന് കണ്ടെത്തിയ സമിതി, ഗവൺമെന്റിന്റെ സഹായങ്ങൾ ലഭിക്കുകയും സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് നിയമസഭ അറിയേണ്ടതില്ലെന്ന് തീരുമാനിക്കുകയും ചെയ്യുന്നത് അനാരോഗ്യപരമായ പ്രവണതയാണെന്ന് തെളിവെടുപ്പ് വേളയിൽ സമിതി അഭിപ്രായപ്പെട്ടു.

20. കിയാലിന് സർക്കാർ ധനസഹായം കൊടുക്കുന്നില്ലെന്നും കോവിഡ് സാഹചര്യത്തിൽ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ പ്രസ്തുത സ്ഥാപനം ധനസഹായം അഭ്യർത്ഥിച്ചെങ്കിലും ഗവൺമെന്റ് പണം അനുവദിച്ചില്ലെന്നും 50 ലക്ഷം രൂപയ്ക്കുമുകളിൽ ധനസഹായം നൽകിയാൽ അത് ആഡിറ്റ് ചെയ്യണമെന്ന വ്യവസ്ഥയുണ്ടെന്നും പ്രസ്തുത സ്ഥാപനത്തിന്റെ വാർഷിക റിപ്പോർട്ടിൽ ആഡിറ്റ് റിപ്പോർട്ട് കൂടി ഉൾപ്പെടുത്തിയാണ് നൽകുന്നതെന്നും 2014-15 വരെ സഭയിൽ സമർപ്പിച്ച വാർഷിക റിപ്പോർട്ടിൽ ആഡിറ്റ് റിപ്പോർട്ട് കൂടി ഉൾപ്പെട്ടിട്ടുണ്ടെന്നും സി & എ.ജി. ആഡിറ്റ് നടത്തുന്നതിൽ തർക്കം നിലനില്ക്കുന്നതിനാൽ വാർഷിക റിപ്പോർട്ട് മാത്രമായി സഭയിൽ സമർപ്പിക്കാൻ വ്യവസ്ഥയില്ലെന്നും ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചിരുന്നു.

21. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166 ബി(3) അനുസരിച്ച് സർക്കാർ കമ്പനിയുടെ നിർവ്വചനത്തിൽ വന്നില്ലെങ്കിലും സ്വയംഭരണാധികാരസ്ഥാപനങ്ങൾ വാർഷിക/ആഡിറ്റ് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത ചട്ടം താഴെപ്പറയുംപ്രകാരമാണ്:

166 ബി(3): "അപ്രകാരം ഏതെങ്കിലും ആക്റ്റിലോ ചട്ടങ്ങളിലോ മറ്റ് വിധത്തിൽ വ്യക്തമാക്കാത്തിടത്തോളം എല്ലാ കമ്പനികൾ/സ്വയംഭരണ സ്ഥാപനങ്ങൾ/ബോർഡ്/ കോർപ്പറേഷൻ മുതലായവയുടെ വാർഷിക റിപ്പോർട്ട്/ആഡിറ്റ് റിപ്പോർട്ട് ആ സാമ്പത്തിക വർഷം പൂർത്തിയായ ശേഷം ഒൻപത് മാസത്തിനകം സഭയുടെ

മേശപ്പുറത്ത് വയ്ക്കേണ്ടതാണ്. ഏതെങ്കിലും വകുപ്പ് വാർഷിക റിപ്പോർട്ട്/ആഡിറ്റ് റിപ്പോർട്ട് നിർദ്ദിഷ്ട സമയത്തിനുള്ളിൽ വയ്ക്കാൻ പരാജയപ്പെടുന്നപക്ഷം അതിനുള്ള കാരണം വിശദമാക്കുന്ന സ്റ്റേറ്റ്മെന്റ് ബന്ധപ്പെട്ട മന്ത്രി വാർഷിക/ആഡിറ്റ് റിപ്പോർട്ടിനോടൊപ്പം, അപ്രകാരം വിനിർദ്ദേശിക്കപ്പെട്ട കാലാവധി കഴിഞ്ഞ് മുപ്പത് ദിവസം കഴിയുന്നതിന് മുൻപായോ അല്ലെങ്കിൽ സഭയുടെ തൊട്ടടുത്ത സമ്മേളനത്തിന്റെ ആരംഭത്തിലോ ഏതാണോ ശേഷം വരുന്നത്, സഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

22. സർക്കാർ വിഹിതം കൈപ്പറ്റുന്ന സർക്കാരിതര സ്ഥാപനങ്ങൾ വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും സഭയിൽ സമർപ്പിക്കണമെന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166 ബി (5)-ൽ വ്യവസ്ഥചെയ്തിട്ടുണ്ട്. പ്രസ്തുത ചട്ടം താഴെപ്പറയും പ്രകാരമാണ് :

166 ബി (5) "സംസ്ഥാന സർക്കാരിൽ നിന്നും അൻപത് ലക്ഷം രൂപയോ അതിൽ കൂടുതലോ ഒറ്റത്തവണ ഗ്രാന്റായോ ഇരുപത്തിയഞ്ച് ലക്ഷം രൂപയോ അതിൽ കൂടുതലോ ആവർത്തക ഗ്രാന്റായോ കൈപ്പറ്റുന്ന സർക്കാരിതര സ്ഥാപനങ്ങളുടെ വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും സാമ്പത്തിക വർഷം അവസാനിച്ച് ആറ് മാസത്തിനുള്ളിൽ സഭ മുമ്പാകെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്. "

23. ആയതിനാൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166 ബി അനുസരിച്ച് കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ വാർഷിക/ആഡിറ്റ് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിന് സർക്കാർ തലത്തിൽ തുടർനടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4. കൊങ്കൺ റെയിവേ കോർപ്പറേഷൻ ലിമിറ്റഡ്

24. 1956-ലെ കമ്പനീസ് ആക്ട് പ്രകാരം 1990 ജൂലൈ 19-ന് രൂപീകരിച്ച പൊതുമേഖലാ സ്ഥാപനമാണ് കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡ്. ഭാരതത്തിന്റെ പടിഞ്ഞാറെ തീരത്തുള്ള റെയിൽവേ വികസനവും പരിപാലനവുമാണ് പ്രസ്തുത കമ്പനിയുടെ ലക്ഷ്യം. ഇൻഡ്യൻ റെയിൽവേ ആധുനീകരിക്കുന്നതിൽ കൊങ്കൺ റെയിൽവേ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. ചടുലവും ശാസ്ത്രീയവും സുസംഘടിതവുമായ പ്രവർത്തനമാണ് കൊങ്കൺ റെയിവേയുടെ മുഖമുദ്ര. പ്രസ്തുത സ്ഥാപനത്തിന്റെ 2019-2020-ലെ വാർഷിക റിപ്പോർട്ട് 1-6-2021-ന് സഭയിൽ സമർപ്പിച്ചിട്ടുണ്ട്. 2020-2021-ലെ വാർഷിക റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

25. കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡിന്റെ 2020-2021-ലെ വാർഷിക റിപ്പോർട്ട് തയ്യാറായിട്ടുണ്ടെന്നും പ്രസ്തുത റിപ്പോർട്ട് വകുപ്പുമന്ത്രിയുടെ അംഗീകാരത്തിന് സമർപ്പിച്ചിരിക്കുകയാണെന്നും ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി തെളിവെടുപ്പ് വേളയിൽ സമിതിയെ അറിയിച്ചിരുന്നു.

26. കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡിന്റെ 2020-21-ലെ വാർഷിക റിപ്പോർട്ട് 2 മാസത്തിനുള്ളിൽ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുവാനും വാർഷിക റിപ്പോർട്ടിൽ ആഡിറ്റ് റിപ്പോർട്ട് കൂടി ചേർത്തിട്ടുണ്ടെന്ന് നിരീക്ഷിച്ച സമിതി, റിപ്പോർട്ടിന്റെ പുറംചട്ടയിൽ 'വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും' എന്ന് രേഖപ്പെടുത്തണമെന്നും ഗതാഗത വകുപ്പിനോട് നിർദ്ദേശിക്കുന്നു.

5. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്

27. കേരളത്തിലെ എറണാകുളം ജില്ലയിലെ കൊച്ചി നഗരത്തിലെ അതിവേഗ റെയിൽ ഗതാഗതമാണ് കൊച്ചി മെട്രോ റെയിൽവേ. കൊച്ചി നഗരത്തിലെ ഗതാഗത കുരുക്ക് ഒരു പരിധി വരെ കുറയ്ക്കാൻ കൊച്ചി മെട്രോയ്ക്ക് ഇതിനോടകം കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത റെയിൽവേയുടെ ചുമതല നിർവ്വഹിക്കുന്നതിനായി സംസ്ഥാന സർക്കാരും കേന്ദ്ര നഗര വികസന മന്ത്രാലയവും സംയുക്തമായി 2011-ൽ രൂപവൽക്കരിച്ച സ്ഥാപനമാണ് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്. കൊച്ചി മെട്രോ റെയിൽവേ കുറഞ്ഞ സമയത്തിനുള്ളിൽ നടപ്പിലാക്കുന്നതിലും പരിപാലിക്കുന്നതിലും പ്രസ്തുത സ്ഥാപനം വളരെ വലിയ പങ്കാണ് വഹിക്കുന്നത്. കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതമായ പ്രസ്തുത സ്ഥാപനത്തിന്റെ 2018-2019-ലെ വാർഷിക റിപ്പോർട്ട് 24-8-2020-ന് സഭയിൽ സമർപ്പിച്ചിട്ടുണ്ട്. 2019-2020 മുതലുള്ള 2 വർഷങ്ങളിലെ റിപ്പോർട്ടുകൾ കുടിശ്ശികയാണ്.

28. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ 2019-2020-ലെ വാർഷിക റിപ്പോർട്ട് സഭയിൽ സമർപ്പിക്കാൻ നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും 2020-2021-ലെ വാർഷിക റിപ്പോർട്ടിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് സമർപ്പിക്കുന്നതിന് കാലതാമസം ഉണ്ടായതിനാൽ ഡിലേ സ്റ്റേറ്റ്മെന്റിന്റെ അംഗീകാരം കൂടി വാങ്ങേണ്ടതുണ്ടെന്നും ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി തെളിവെടുപ്പ് വേളയിൽ സമിതിയെ അറിയിച്ചിരുന്നു.

29. കൊച്ചി മെട്രോയുടെ വാർഷിക റിപ്പോർട്ടിൽ ആഡിറ്റ് റിപ്പോർട്ട് കൂടി ചേർത്തിട്ടുണ്ടെന്ന് മനസ്സിലാക്കിയ സമിതി, റിപ്പോർട്ടിന്റെ പുറംചട്ടയിൽ 'വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും' എന്ന് രേഖപ്പെടുത്തണമെന്നും കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ 2020-21-ലെ വാർഷിക റിപ്പോർട്ട് 2 മാസത്തിനുള്ളിൽ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുവാനും ഗതാഗത വകുപ്പിനോട് നിർദ്ദേശിക്കുന്നു.

6. കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (K-Rail)

30. കേന്ദ്ര സർക്കാരിന്റെ സിൽവർലൈൻ പ്രോജക്ടിന്റെ ഭാഗമായ സെമി ഹൈസ്പീഡ് കോറിഡോർ പദ്ധതിയാണ് കെ റെയിൽ പദ്ധതി എന്ന് അറിയപ്പെടുന്നത്. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 529 കിലോമീറ്ററിൽ പുതിയ സ്റ്റാൻഡേർഡ് ഗേജ് ലൈൻ നിർമ്മിച്ച് അതിലൂടെ ശരാശരി 200 കിലോമീറ്റർ വേഗതയിൽ സെമി ഹൈസ്പീഡ് ട്രെയിൻ ഓടിക്കാനുള്ള സംവിധാനമൊരുക്കുകയാണ് ലക്ഷ്യം. 2017 ജനുവരി 3 - ന് കേരള സർക്കാരും ഇന്ത്യൻ റെയിൽവേയും സംയുക്തമായി രൂപീകരിച്ച കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ-റെയിൽ) എന്ന കമ്പനിയ്ക്കാണ് പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ചുമതല. കമ്പനീസ് ആക്ട് പ്രകാരം 2017-ൽ രൂപീകൃതമായ പ്രസ്തുത സ്ഥാപനം നാളിതുവരെ റിപ്പോർട്ടുകളൊന്നും സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കിയിട്ടില്ല.

31. കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 2017-18 മുതലുള്ള മൂന്ന് വർഷത്തെ റിപ്പോർട്ടുകൾ ഒരുമിച്ച് സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും പ്രസ്തുത റിപ്പോർട്ടുകളിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റ് മന്ത്രിയുടെ അംഗീകാരത്തിന് സമർപ്പിച്ചിരിക്കുകയാണെന്നും 2020-21-ലെ വാർഷിക റിപ്പോർട്ട് എ.ജി. യുടെ കമന്റ്സിനുവേണ്ടി അയച്ചിരിക്കുകയാണെന്നും ഗതാഗത വകുപ്പ് ജോയിന്റ് സെക്രട്ടറി തെളിവെടുപ്പ് വേളയിൽ സമിതിയെ അറിയിച്ചിരുന്നു. കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 2017-18 മുതലുള്ള മൂന്ന് വർഷത്തെ റിപ്പോർട്ടുകൾ ഒരാഴ്ചയ്ക്കകം സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ഗതാഗത വകുപ്പിനോട് തദവസരത്തിൽ നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

32. സമിതി നിർദ്ദേശമനുസരിച്ച് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 2017-18 മുതലുള്ള മൂന്ന് വർഷത്തെ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കിയതിൽ സമിതി വകുപ്പിനെ അനുമോദിക്കുന്നതിനോടൊപ്പം പ്രസ്തുത സ്ഥാപനത്തിന്റെ 2020-21 ലെ വാർഷിക റിപ്പോർട്ട് അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ നടപടി സ്വീകരിക്കാൻ വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.

7. കേരള സ്റ്റേറ്റ് റോഡ് സേഫ്റ്റി അതോറിറ്റി

33. സംസ്ഥാനത്ത് റോഡ് സുരക്ഷാ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2007-ൽ രൂപീകൃതമായ പൊതുമേഖലാ സ്ഥാപനമാണ് കേരള സ്റ്റേറ്റ് റോഡ് സേഫ്റ്റി അതോറിറ്റി. റോഡ് സുരക്ഷാ നയങ്ങളിൽ സർക്കാരിനെ ഉപദേശിക്കുക, റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക, റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ബോധവൽക്കരണങ്ങൾ നടത്തുക എന്നിവയാണ് പ്രസ്തുത

സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ. റോഡപകടങ്ങൾ ഗണ്യമായി കുറയ്ക്കുന്നതിൽ കേരള സ്റ്റേറ്റ് റോഡ് സേഫ്റ്റി അതോറിറ്റി വഹിക്കുന്ന പങ്ക് വളരെ വലുതാണ്. എന്നാൽ 2007-ൽ രൂപീകൃതമായ പ്രസ്തുത സ്ഥാപനം നാളിതുവരെ റിപ്പോർട്ടുകളൊന്നും സഭയിൽ സമർപ്പിച്ചിട്ടില്ല.

34. The Kerala Road Safety Authority Act 2007 പ്രകാരം പ്രസ്തുത സ്ഥാപനം അതത് സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും നിയമസഭയിൽ സമർപ്പിക്കാൻ ബാധ്യസ്ഥമാണ്. The Kerala Road Safety Authority Act 2007-ലെ സെക്ഷൻ 24, 25 താഴെപ്പറയുംപ്രകാരമാണ്:

24. "(1) The Authority shall during each financial year prepare, in such form and at such time, as may be prescribed, an annual report giving a complete account of its activities of the previous year and submit such report to the Government.

(2) The Government shall cause every such report to be laid before the Legislative Assembly, as soon as may be, after the receipt of the same".

25. "(1) The accounts of the Authority shall be audited by Account General.

(2) The Authority may carry out internal audit of the accounts every year by such officials as it deems fit.

(3) The accounts of the Authority, as certified by the auditor, together with the audit report thereon shall be submitted to the Government along with the remarks thereon by the Authority and the Government shall cause the same to be laid before the Legislative Assembly".

35. സ്ഥാപനത്തിന് ലഭിക്കുന്ന പണം ചെലവഴിക്കുമെന്നല്ലാതെ സ്ഥാപനം നാളിതുവരെ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടില്ലെന്നും അജ്ഞതകൊണ്ടാണ് റിപ്പോർട്ടുകളൊന്നും സഭയിൽ സമർപ്പിക്കാത്തതെന്നും, 2017-2018 മുതൽ 2019-2020 വരെയുള്ള വാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്നും 2020-2021-ലെ വാർഷിക റിപ്പോർട്ട് തയ്യാറായിട്ടുണ്ടെന്നും, ട്രാൻസ്പോർട്ട് കമ്മീഷണർ തെളിവെടുപ്പ് വേളയിൽ സമിതിയെ അറിയിച്ചിരുന്നു. കേരള സ്റ്റേറ്റ് റോഡ് സേഫ്റ്റി അതോറിറ്റിയുടെ മൂന്ന് വർഷത്തെ റിപ്പോർട്ടുകൾ ഒരുമിച്ചാണ് ലഭിച്ചതെന്നും മന്ത്രിയുടെ അംഗീകാരം ലഭിച്ചാലുടൻ റിപ്പോർട്ടുകൾ നിയമസഭയിൽ ലഭ്യമാക്കുമെന്ന് ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

36. സമിതി നിർദ്ദേശമനുസരിച്ച് കേരള സ്റ്റേറ്റ് റോഡ് സേഫ്റ്റി അതോറിറ്റിയുടെ 2017-18 മുതൽ 2019-20 വരെയുള്ള വാർഷിക റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കിയ വകുപ്പിന്റെ നടപടിയെ അഭിനന്ദിക്കുന്നതിനോടൊപ്പം 2020-21-ലെ വാർഷിക റിപ്പോർട്ട് അടിയന്തരമായി സഭയിൽ സമർപ്പിക്കാനുള്ള നടപടി സ്വീകരിക്കാൻ വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.

## പൊതുശിപാർശ

1. ഗതാഗത വകുപ്പിൻ കീഴിലുള്ള സ്ഥാപനങ്ങളുടെ വാർഷിക റിപ്പോർട്ടിൽ ആഡിറ്റ് റിപ്പോർട്ട് കൂടി ഉൾപ്പെട്ടിട്ടുണ്ടെന്ന് സമിതി നിരീക്ഷിക്കുകയും ഇനി മുതൽ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്ന റിപ്പോർട്ടിന്റെ പുറംചട്ടയിൽ 'വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും' എന്ന് രേഖപ്പെടുത്തണമെന്ന് ഗതാഗത വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

2. നിശ്ചിത സമയപരിധി കഴിഞ്ഞ് സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്ന റിപ്പോർട്ടിനോടൊപ്പമുള്ള കാലതാമസപത്രിക നിശ്ചിതമാതൃകയിലല്ലാത്തതോ, കാലതാമസത്തിനുള്ള വിശദീകരണം തൃപ്തികരമല്ലാത്തതോ ആണെന്ന് സമിതി നിരീക്ഷിച്ചതിന്റെ പശ്ചാത്തലത്തിൽ കുടിശ്ശിക റിപ്പോർട്ടുകളോടൊപ്പം ലഭ്യമാക്കുന്ന കാലതാമസപത്രിക ധനകാര്യ വകുപ്പിന്റെ 21-12-2013-ലെ 105/2013/ധന നമ്പർ സർക്കുലർ (അനുബന്ധം 1) മാതൃകയിലായിരിക്കണമെന്ന് വകുപ്പിന് സമിതി നിർദ്ദേശം നൽകുന്നു.

3. നിയമസഭയിൽ ചട്ടങ്ങളും റിപ്പോർട്ടുകളും സമർപ്പിക്കേണ്ടതിന്റെ ഗൗരവം ഉദ്യോഗസ്ഥരെ ബോധ്യപ്പെടുത്തുന്നതിന് വകുപ്പ് നടപടി സ്വീകരിക്കണമെന്നും ഗതാഗത വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ വാർഷിക/ആഡിറ്റ് റിപ്പോർട്ടുകൾ, നിയമസഭയുമായി ബന്ധപ്പെട്ട മറ്റ് രേഖകൾ എന്നിവ കൃത്യമായി മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിക്ക് ലഭ്യമാക്കുന്നതിന് ഉന്നത ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ആയത് സംബന്ധിച്ച് സ്വീകരിച്ച നടപടി റിപ്പോർട്ട് അടിയന്തരമായി സമിതിക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നു.

4. കടലാസ്സുകൾ മേശപ്പുറത്ത് വയ്ക്കുന്നത് സംബന്ധിച്ച ചട്ടങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള സമിതി (2019-21)യുടെ മൂന്നാമത് റിപ്പോർട്ടിലെ നിർദ്ദേശങ്ങളും ശിപാർശകളും നടപ്പിൽ വരുത്തി രേഖകൾ സമയബന്ധിതമായി സഭയിൽ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്ക് വകുപ്പ് നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. സമിതിയുടെ (2019-2021)-യുടെ മൂന്നാമത്

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനകാര്യ (പി.എ.സി.ബി.) വകുപ്പിന്റെ സർക്കുലർ അനുബന്ധം II ആയി ചേർക്കുന്നു.

5. ഗണ്യമായ തുക ദൈനംദിനം കൈകാര്യം ചെയ്യുന്ന ഗതാഗത വകുപ്പിൻ കീഴിലുള്ള കെ.എസ്.ആർ.ടി.സി. പോലുള്ള സ്ഥാപനങ്ങളിൽ വരവ് ചെലവ് കണക്കുകൾ ആഡിറ്റ് ചെയ്യാൻ ഒരു സ്ഥിരം സംവിധാനം ഇല്ലെന്ന വസ്തുത സമിതി കണ്ടെത്തിയതിന്റെ വെളിച്ചത്തിൽ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ ആഡിറ്റ് ചെയ്യാൻ ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പി. സി. വിഷ്ണുനാഥ്,
*അദ്ധ്യക്ഷൻ,*
*മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2022 മാർച്ച് 16.